(ബി) ഒരു കുടുംബത്തിന് കുറഞ്ഞത് ഒരു ഏക്കർ എന്ന തോതിൽ നൽകുകയാണെങ്കിൽ ആകെ 14230 ഏക്കർ ഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 2173 ആദിവാസി കുടുംബങ്ങൾക്ക് 2151.50 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.* ആദിവാസി വനാവകാശ നിയമ പ്രകാരം 15,705 കുടുംബങ്ങൾക്ക് 19334 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. (അനുബന്ധം-II)*റവന്യൂ വകുപ്പ് 5000 ആദിവാസി കുടുംബങ്ങൾക്ക് പട്ടയവും കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്.

(ഡി) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിത ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമിയിൽ അവർ താമസിക്കുന്നുണ്ടെന്നും കൃഷി ചെയ്യുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളിലെ പുനരധിവാസ പ്രദേശങ്ങളിൽ സൈറ്റ് മാനേജർമാരെ നിയമിച്ചിട്ടുണ്ട്. ടി പ്രദേശങ്ങളിലെ ആദിവാസി പ്രശ്നങ്ങൾ പ്രസ്തുത സൈറ്റ് മാനേജർമാർ പരിശോധിക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ബന്ധപ്പെട്ട ഐ.റ്റി.ഡി. പ്രോജക്ടാഫീസർ ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷൻ, ആദിവാസി പുനരധിവാസ വികസന മിഷൻ ചീഫ് എന്നിവർക്ക് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

(ഇ) വിതരണം ചെയ്ത ഭൂമി ഏറ്റെടുക്കാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടില്ല.

മട്ടന്നൂർ ആദിവാസി മേഖലയിലെ അഗ്നിബാധ

94(2346) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികവർഗ്ഗ വികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് സർക്കാർ പതിച്ചു നൽകിയ കണ്ണൂർ മട്ടന്നൂർ ചാവശ്ശേരി പറമ്പ് ഭൂമിയിൽ വൻ അഗ്നിബാധ ഉണ്ടായി കശുമാവ് വൻതോതിൽ കത്തി നശിച്ച സംഭവത്തിൽ നഷ്ടപരിഹാരം ഉൾപ്പെടെയുള്ള ധനസഹായം നൽകുമോ ;

(ബി) മട്ടന്നൂർ ആദിവാസി മേഖലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന അഗ്നിബാധ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly